കേരള സർക്കാർ

## കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരിന്തൽമണ്ണ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മലപ്പുറം.ജില്ലാ

## സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

Email-dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം 21/2866/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി 24-01-2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന )

പെരിന്തൽമണ്ണ നഗരസഭ

സർ,

വിഷയം :പെരിന്തൽമണ്ണ നഗരസഭ -2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **പെരിന്തൽമണ്ണ നഗരസഭ** 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുനിസിപ്പാലിറ്റി – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)നഗരകാര്യ ഡയറക്ടർ,(ഉപരിപത്രം സഹിതം)

3)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്

L.1/19

നം.എൽ.എഫ്.കെ.എസ്.എ.എം.പി.എം 21/2866/18 തീയതി 24-01-2019

## <u>മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

**(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 31.10.2017 മുതൽ 11.11.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി .സുധ ദാസ് ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 12.11.2018 മുതൽ 27.11.2018വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1 | ശ്രീമതി.ഷീബ .Z | ഓഡിറ്റ്ഓഫീസർ(ഹ.ഗ്രേ) |
| | 2 | ശ്രീ.നസ്സീർ .ടികെ | അസി.ഓഡിറ്റ്ഓഫീസർ |
| | 3 | ശ്രീ.മൂസ്സ.ഇ | സീനി .ഗ്രേഡ് ഓഡിറ്റർ |
| | 4 | ശ്രീ.ഷാജഹാൻഖുറൈശി. | സീനി .ഗ്രേഡ് ഓഡിറ്റർ |
| | 5 | ശ്രീമതി.ജിഷ.കെ | സീനി .ഗ്രേഡ് ഓഡിറ്റർ |
| | 6 | ശ്രീമതി.ലത.ഒ.വി | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | | |
|---|---|---|---|
| ചെയർമാൻ | 1 | ശ്രീ.എം.മുഹമ്മദ് സലീം | 1.4.2017മുതൽ31.3.2018വരെ |
| സെക്രട്ടറി | 1 | ശ്രീ.പ്രമോദ് .കെ | 1.4.2017മുതൽ 31.3.2018വരെ |
| നിർവ്വഹണഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| | | | |

| | | | |
|---|---|---|---|
| മുനിസിപ്പൽഎൻജിനിയർ | | ശ്രീ.പ്രസന്നകുമാർ.എൻ | 1.4.2017മുതൽ31.3.2018വരെ |
| കൃഷി ഓഫീസർ | 1 | ശ്രീ.മാരിയത്ത്കിബ്ത്തീയ്യ | 1.4.2017മുതൽ20.8.2017വരെ |
| | 2 | ശ്രീ.മുഹമ്മദ് സക്കീർ.N.M | 21.8.2017മുതൽ11.10.2017വരെ |
| | 3 | ശ്രീ.മാരിയത്ത്കിബ്ത്തീയ്യ | 12.10.2017മുതൽ31.3.2018വരെ |
| വെറ്റിനറി സർജ്ജൻ | | ഡോ.മനോജ് .സി.എ | 1.4.2017മുതൽ31.3.2018വരെ |
| വ്യവസായ വികസന ഓഫീസർ | | ശ്രീ.സുനിൽ .എ | 1.4.2017മുതൽ31.3.2018വരെ |
| എെ.സി.ഡി.എസ് | | ശ്രീമതി.ആയിഷ | 1.4.2017മുതൽ31.3.2018വരെ |
| പ്രിൻസിപ്പാൾ | | ശ്രീമതി.ഫൗസിയ.കെ.വി | 1.4.2017മുതൽ31.3.2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) | | ഡോ.സെയ്ത്ത് മുഹമ്മദ് സലിം | 1.4.2017മുതൽ31.3.2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ ) | | ഡോ.ഷമീമ | 1.4.2017മുതൽ31.3.2018വരെ |
| പ്രോജക്ട്ഓഫീസർ | | ശ്രീ.രാജീവൻ.ടി | 1.4.2017മുതൽ31.3.2018വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 5 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് (അയ്യങ്കാളി )പദ്ധതി അവലോകനം | 1-7 |
| 8 | സാമൂഹ്യക്ഷേമ പെൻഷൻ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം | 1-11 |
| 12 | സർട്ടിഫിക്കറ്റ് അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ ഉപയോഗ തരം ശ്രദ്ധിക്കപ്പെടുന്നില്ല. | 2-1 |
| 14 | കുത്തക ലേലം - തുക ഈടാക്കാത്തത് സംബന്ധിച്ച് | 2-2 |
| 15 | തൊഴിൽ നികുതി - അപാകതകൾ | 2-3 |
| 16 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത. | 2-4 |
| | | |

| | | |
|---|---|---|
| 17 | താത്ക്കാലിക ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 2-5 |
| 18 | ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക | 2-6 |
| 19 | റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കാത്തതു സംബന്ധിച്ച് | 2-7 |
| 20 | ഡി&ഒ ലൈസൻസ് ഫീ കുറവായി ഈടാക്കി. | 2-8 |
| 21 | ഇ ടെൻണ്ടർ -ഫോം വില ലഭ്യമാക്കണം | 2-9 |
| 22 | ഡി&ഒ ലൈസൻസ് ഫീ പൊതു അപാകതകൾ | 2-10 |
| | ഭാഗം 3 | |
| 23 | പദ്ധതി നിർവ്വഹണം അവലോകനം | 3-1 |
| 24 | തനത് ഫണ്ട് പ്രൊജക്ടുകൾ -ഫണ്ട് ലഭ്യത ഉറപ്പ് വരുത്താതെ പ്രൊജക്ടുകൾ തയ്യാറാക്കി | 3-2 |
| 25 | തെറ്റായ അളവ് രേഖപ്പെടുത്തി കരാറുകാരന് അധിക തുക നൽകി. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 10644 രൂപ തിരിച്ചടവാക്കി. | 3-3 |
| 26 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 23550 രൂപ തിരിച്ചടച്ചു | 3-4 |
| 27 | സേവന നികുതിക്കായി വകയിരുത്തിയ തുക കരാറുകാരന് നൽകിയത് സംബന്ധിച്ച് | 3-5 |
| 28 | ഇഷ്യൂ ചെയ്ത ബിറ്റുമിൻ വില ഈടാക്കിയില്ല. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 144522 രൂപ നഗരസഭയിൽ തിരിച്ചടവാക്കി. | 3-6 |
| 29 | ഡെപ്പോസിറ്റ് പ്രവൃത്തി - വിനിയോഗ സാക്ഷ്യപത്രം, രേഖകൾ ലഭ്യമാക്കിയില്ല | 3-7 |
| 30 | പെൻഷൻ ഫണ്ട് അവലോകനം | 3-8 |
| 31 | നഗരസഭ കെട്ടിടങ്ങൾക്ക് സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കൽ -അപാകതകൾ | 3-9 |
| 32 | വയോമിത്രം പദ്ധതി - അപാകതകൾ | 3-10 |
| 33 | ഗവ.എൽ.പി.സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കണം | 3-11 |
| 34 | ഖരമാലിന്യ സംസ്കരണം -കുടുംബശ്രീയെ എൽപ്പിച്ചതിലെ അപാകതകൾ | 3-12 |
| 35 | ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. | 3-13 |
| 36 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - സർക്കാർ നിർദ്ദേശ പ്രകാരമുള്ള നിരക്ക് ഉറപ്പുവരുത്തേണ്ടതാണ്. | 3-14 |
| 37 | വാട്ടർ ടാങ്ക് വിതരണം പദ്ധതി - തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനത്തിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല | 3-15 |
| 38 | ജാഗ്രത- വനിതാ ശാക്തീകരണ പദ്ധതി - അപാകതകൾ | 3-16 |
| | | |

| | | |
|---|---|---|
| 39 | തെരുവ് വിളക്ക് ഉപകരണങ്ങൾ -വാർഷിക അറ്റകുററപ്പണി -അപാകതകൾ | 3-17 |
| 40 | വെറ്റിനറിസർജ്ജൻ നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകൾ -അപാകതകൾ | 3-18 |
| 41 | തെരുവ് വിളക്കുകൾ -സംയുക്ത പരിശോധന ശുപാർശചെയ്യുന്നു | 3-19 |
| 42 | വാർഷിക പദ്ധതിയുടെ ഭാഗമാക്കാത്ത മരാമത്ത് പ്രവർത്തിക ൾ | 3-20 |
| 43 | ടെക്നിക്കൽ ചാർജ്ജിന് ആദായ നികുതി കുറവായി ഈടാക്കി | 3-21 |
| 44 | തെരുവ് വിളക്ക് പർച്ചേസ് അപാകതകൾ | 3-22 |
| 45 | സ്ഥിരം സമിതികളുടെ യോഗങ്ങൾ -അവലോകനം | 3-23 |
| 46 | ആശ്രയ പദ്ധതി -അവലോകനം | 3-24 |
| 47 | വാറ്റ്, ആദായ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 3-25 |
| 48 | മരാമത്ത് പ്രവൃത്തി രേഖകളിൽ കൃത്രിമം കാണിച്ച് 3.69 ലക്ഷം രൂപ അധികം പിൻവലിച്ചു- ഓഡിറ്റ് നിർദ്ദേശിച്ചതിനെ തുടർന്ന് തുക തിരിച്ചടവാക്കി | 3-26 |
| 49 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾ - കൺവീനർമാർക്ക് അധിക തുക നൽകി | 3-27 |
| 50 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾ - ബിൽ തുകയിൽ നിന്ന് ആദായ നികുതി കുറവ് ചെയ്തില്ല | 3-28 |
| 51 | പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം | 3-29 |
| 52 | ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 3-30 |
| | ഭാഗം-4 | |
| 53 | സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 54 | ക്ഷേമ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 55 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 56 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 57 | സ്ഥിര നിക്ഷേപം | 4-5 |
| 58 | ഓഡിറ്റ് റിക്കവറി | 4-6 |
| 59 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 60 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 61 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 62 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 63 | ഓഡിററ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |



# ഭാഗം -1

# പൊതു അവലോകനം

# 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ബജറ്റ് പുതുക്കിയ തീയ്യതി |
|---|---|
| തീരുമാനം 2തിയ്യതി -29.3.2017 | തീരുമാനം 2തിയ്യതി -29.3.2018 |

# 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 30.6.2018 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നം/തീ |
|---|---|
| 01.9.2018 മുതൽ 3.9.2018 വരെ | കെ.എസ്.എ.എം.പി.എം-(21)/2395/18 /2.11.2018 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 86427798.01 |
| വരവ് | 297132779 |
| ആകെ | 383560577.01 |
| ചെലവ് | 324280318 |
| നീക്കിബാക്കി | 59280259.01 |

# 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി | ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 41064000 | 41064000 | 37402715 | 3661285 | 91% |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 17723000 | 17723000 | 16302653 | 1420347 | 92% |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9377214 | 9377214 | 9333971 | 43243 | 96% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 9859328 | 9859328 | 9765391 | 93937 | 99% |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 53997890 | 53997890 | 41760015 | 12237875 | 77% |
| കെ.എൽ.ജി.എസ്.ടി.പി | 0 | 6718871 | 6718871 | 6676982 | 41889 | 99% |
| SBI തനത് ഫണ്ട് | 3042188.55 | 919727 | 3961915.55 | 3518669 | 443246.55 | 89% |
| PNB തനത് ഫണ്ട് | 678177 | 2307873 | 2986050 | 2282192 | 703858 | 76% |
| SBI-KURDFC | 3743572 | 139441 | 3883013 | 0 | 3883013 | 0% |
| VIJAYABANK-തനത് | 0.00 | 0.00 | 0.00 | 0.00 | 0 | 0.00 |
| SBI (online tax ) | 416954 | 156899 | 573853 | 649 | 573204 | 0.00 |
| SBI (e-payment ) | 23055 | 4732952 | 4756007 | 4740848 | 15159 | 99% |
| canara bank-തനത് | 18104546 | 116345740 | 134450286 | 116467346 | 17982940 | 87% |
| SBI (പെൻഷൻ) | 426784 | 108809 | 535593 | 502332 | 33261 | 94% |
| MDC തനത് ഫണ്ട് | 134751 | 5459 | 140210 | 0 | 140210 | 0% |
| AXIS(swaping ) | 0 | 34643 | 34643 | 0 | 34643 | 0% |
| AXIS(hudco ) | 0 | 3212553 | 3212553 | 1435000 | 1777553 | 45% |
| PUB തനത് ഫണ്ട് | 3167305.76 | 229463 | 3396768.76 | 229463 | 3167305.76 | 7% |
| PUCB | 0 | 0 | 0 | 0 | 0 | 0 |
| ട്രഷറി A/C | 0 | 0 | 0 | 0 | 0 | 0 |
| TSB A/C | 7579506 | 30051533 | 37631039 | 31594431 | 6036608 | 83% |
| ‘ട്രഷറി PD- A/C | 00 | 00 | 00 | 00 | 00 | 00 |
| മുനിസിപ്പൽ.ഫണ്ട് | 374 | 11 | 385 | 00 | 385 | 00 |
| SBIA/C(പെൻഷൻ) | 21926 | 6054301 | 6076227 | 00 | 6076227 | 00 |
| SBIA/C(പെൻഷൻ)II | 3006836 | 40903 | 3047739 | 2756689 | 291050 | 90% |
| SBI-ESCRO | 80392 | 0 | 80392 | 0 | 80392 | 0% |
| SYNDICATE BANK | 140838.74 | 1919173 | 7060011.74 | 0 | 2060011.74 | 0% |
| റിലീഫ് ഫണ്ട് | 1356.84 | 50 | 1406.84 | 0 | 1406.84 | 0% |
| S.B (സെൻസ്സസ് ) | 51232 | 0 | 51232 | 0 | 51232 | 0% |
| PNB(Joint a/c) | 7322711 | 23091879 | 30414590 | 24099512 | 6315078 | 79% |
| അയ്യങ്കാളി ഫണ്ട് | 10745460 | 382965 | 11128425 | 5543433 | 5584992 | 50% |
| ഷാസു ഫണ്ട് | 42031 | 0 | 42031 | 0 | 42031 | 0% |
| HDFC ബാങ്ക് | 0 | 342287 | 342287 | 30882 | 311405 | 9% |

| | | | | | | |
|---|---|---|---|---|---|---|
| pscb (46287 ) | 56 | 0 | 56 | 0 | 56 | 0% |
| UIDSSMT-1 | 4067026 | 151490 | 4218516 | 0 | 4218516 | 0% |
| UIDSSMT-2 | 199480 | 14833 | 214313 | 7164 | 207149 | 4% |
| IHSDP | 15545055 | 203547 | 15748602 | 11427000 | 4321602 | 0% |
| SSA | 152647 | 5686 | 158333 | 0 | 158333 | 0% |
| LCS A/C | 556924 | 174212 | 731136 | 653466 | 77670.12 | 89% |
| CANARA (1001146 ) | 968800 | 0 | 968800 | 880354 | 88446 | 90% |
| IDBI A/C | 1446455 | 377403 | 1823858 | 390110 | 1433748 | 21% |
| ICICI | 0 | 19127580 | 19127580 | 16800000 | 2327580 | 88% |
| AXIS | 0 | 2043944 | 2043944 | 1772553 | 271391 | 87% |
| KGKGB9സാക്ഷരത | 2051 | 83 | 2134 | 0 | 2134 | 0% |
| IHSDP II | 4359859 | 207975 | 4567834 | 2787063 | 1780771 | 61% |
| ക്യാഷ് | 0399448 | 860867 | 1260315 | 399448 | 860867 | |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരംതാഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | ആകെ തുക | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 357 | 239137019 | 223 | 124899804 | 0 | 134 | 52% |

# 1-7 തൊഴിലുറപ്പ് (അയ്യങ്കാളി ) പദ്ധതി അവലോകനം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | 10745460 | 382965 | 11128425 | 5543433 | 5584992 |
| EFMS വഴി നൽകിയത് | 0 | 0 | 0 | 0 | 0 |
| ആകെ | 10745460 | 382965 | 11128425 | 5543433 | 5584992 |

# 1-8 സാമൂഹ്യക്ഷേമ പെൻഷനുകൾ

| ക്രമ നം. | പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 6528800 | 566 |
| 2 | തൊഴിൽ രഹിത വേതനം | 27840 | 47 |
| 3 | വിധവാ പെൻഷൻ | 21929700 | 1824 |
| 4 | വികലാംഗ പെൻഷൻ | 5359400 | 438 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1805000 | 153 |
| | | | |

| | | | |
|---|---|---|---|
| 6 | വാർദ്ധക്യകാല പെൻഷൻ | 28030900 | 2168 |
| 7 | സാധുക്കളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 82500 | 12 |
| 8 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായവർക്ക് ധനസഹായം | 1805000 | 153 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.11.2018 ന് 11 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 331995/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

(1)<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

ഡി.സി.ബി ഇനങ്ങളായ, ഷോപ്പിങ് കോംപ്ലക്സ് വാടക ഒഴികെയുള്ളവയുടെ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സമർപ്പിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകളിൽ സമർപ്പിച്ചിട്ടുള്ള ഡി.സി.ബി യുടെ നിജസ്ഥിതി പരിശോധിക്കാൻ സാധിച്ചിട്ടില്ല. ധനകാര്യ സ്റ്റാൻറിങ് കമ്മറ്റിയുടെ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്

(2)<u>വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല</u>.

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾസ് 2007 9 (2) പ്രകാരം ഇടപാടുകൾക്കാധാരമായ എല്ലാ രേഖകളുടെയും ആമുഖ പത്രമായി വൗച്ചർ (സാധ്യ പെയ്മെൻറ് ഓർഡർ സഹിതം) വെയ്ക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം വെയ്ക്കുകയോ വൗച്ചർ ക്രമ നമ്പർ പ്രകാരം സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ചെലവ് രേഖകൾ ക്രമപ്രകാരം ചിട്ടപ്പെടുത്തി സൂക്ഷിക്കാത്തത് അക്കൗണ്ടന്റിന്റെ വീഴ്ചയാണ്. അക്കൗണ്ട്സ് റൂൾസിലെ നിർദ്ദേശങ്ങൾ പാലിച്ചും വ്യവസ്ഥാപിതമായി ക്രമപ്പെടുത്തിയും ചെലവ് രേഖകൾ സൂക്ഷിക്കാത്തത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇടപാടുകൾക്കാധാരമായ വൗച്ചറുകൾ സൂക്ഷിക്കുന്നതിൽ അക്കൗണ്ട്സ് റൂൾ 9 (1) മുതൽ (5) വരെ വിവരിച്ചത് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. ജനുവരി മുതൽ മാർച്ച് വരെയുള്ള വൗച്ചറുകൾ ടാഗ് ചെയ്ത് ക്രമത്തിൽ സൂക്ഷിക്കാത്തതിനാൽ ചെലവുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(3) പട്ടികജാതി വികസനഓഫീസർ, പ്രൊജക്ട് ഓഫീസർ, സെക്രട്ടറിയുടെ പി.എം.എ.വൈ എന്നീ ഭവനനിർമ്മാണ പദ്ധതികളുടെ രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കുന്നില്ല.

(4). മെഡിക്കൽ ഓഫീസർ, (ഗവ ആയുർവേദ ഡിസ്പെൻസറി, ഗവ.ആയുർവേദ ഹോസ്പിറ്റൽ) എസ്.സി.ഡി.ഒ എന്നീ നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

(5).ജീവനക്കാരുടെ പേഴ്സണൽ രജിസ്റ്ററിൽ മാസാന്ത്യ സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

(6).ജനറൽ കമ്മിറ്റി മിനിട്സ് ക്ലോസ് ചെയ്യുന്നില്ല, സ്റ്റാൻറിങ് കമ്മറ്റികളുടെ മിനിറ്റ്സ് അംഗങ്ങൾ ഒപ്പിടുന്നില്ല.

(7).പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ലഭ്യമാക്കാനുള്ള തുക ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(8).ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

(9).മാസ്റ്റർ ഇൻക്യംപൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

(10).കേന്ദ്രീകൃത സ്റ്റോക്ക് രജിസ്റ്റർ, സൂചിക സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

(11).പല നിർവ്വഹണ ഉദ്യോഗസ്ഥരും ക്യാഷ് ബുക്ക് നിർദ്ദിഷ്ട മാതൃകയിലല്ല സൂക്ഷിച്ചിട്ടുള്ളത്. മാത്രമല്ല, ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടുമില്ല.

(12).സെക്രട്ടറി പ്രൊജക്ടു രജിസ്റ്റർ, സബ്സിഡിയറി രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവയിൽ പദ്ധതി വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

(13)<u>പ്രൊജക്ട് മോണിറ്ററിംഗ് രേഖകൾ ഇല്ല</u>.

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രൊജക്ടുകളുടെ നിർവ്വഹണം നടത്തിയത് സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല.

(14).പ്രോജക്ടുകൾ നടപ്പാക്കുന്ന സമയത്ത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല, പ്രൊജക്ടുകൾ തയ്യാറാക്കാതെ ചെലവുകൾ നടത്തുന്നത് വ്യാപകമാണ്

(15).തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന്ന് ധനകാര്യസ്റ്റാൻറിങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് കാര്യക്ഷമമായ ഇടപെടലുകൾ നടത്തുന്നില്ല.

(16).മരാമത്ത് പ്രവർത്തികളുടെ മോണിട്ടറിങ് റിപ്പോർട്ടുകൾ കാര്യക്ഷമമല്ല. മോണിട്ടറിങ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നില്ല.

(17).നഗരസഭ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

(18).സെക്ഷനുകളിൽ ഫയൽ സിസ്റ്റം കാര്യക്ഷമമാക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30-07-14 മുതൽ 02-08-14 വരെ | 2012-13, 13-14 | 07-08-2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-02-17 | 2013-14, 14-15, 15-16 | 03-05-2017 |

# 1-12 വാർഷിക കണക്ക് അപാകതകൾ

<u>2017-18 വാർഷിക കണക്കുകളിന്മേലുള്ള അപാകതകൾ താഴെ കൊടുക്കുന്നു</u>

1. ടി.എസ്.ബി (തനത് ഫണ്ട്) വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് 6036608/- രൂപയാണ്. എന്നാൽ പാസ്സ് ബുക്ക് പ്രകാരം 1685154 രൂപയാണ്. റീകൺസിലിയേഷൻ നടത്തി വ്യത്യാസം ക്രമീകരിച്ചിട്ടില്ല.
2. വാർഷിക കണക്ക് പ്രകാരം ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് ലഭ്യമായ പലിശ വരവ് 1692576 രൂപ മാത്രമാണ്. തനത് ഫണ്ട് നിക്ഷേപിക്കുന്ന കനറാ ബാങ്കിന്റെ 757201001145 അക്കൗണ്ട് കറന്റ് അക്കൗണ്ടായിട്ടാണ് നിലനിർത്തുന്നത്. ഇത് പലിശ ഇനത്തിലെ വരവ് കുറക്കാൻ ഇടയാക്കിയിട്ടുണ്ട്.
3. സ്പെസഫിക് ഗ്രാന്റ് ഇനത്തിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ബാധ്യതയായി (B-4) രേഖപ്പെടുത്തിയിട്ടില്ല. ഉദാ. RMSA, സാക്ഷരത etc
4. കാലഹരണപ്പെട്ട ചെക്കുകൾ Stale Cheque ഹെഡിലേക്ക് ബുക്ക് ചെയ്തിട്ടില്ല.
5. ചുവടെ ചേർത്തിട്ടുള്ള വരവിനങ്ങളുടെ ഡിമാന്റ്, അരിയർ ഡിമന്റ് രജിസ്റ്റർ/ സാക്ഷ്യപ്പെടുത്തിയ സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

   1. വസ്തു നികുതി 2. തൊഴിൽ നികുതി 3. വാടക 4. D&O
6. ഡെപ്പോസിറ്റ് രജിസ്റ്റർ സംഗ്രഹം തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കുന്നില്ല.
7. റസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂൾ ആർ.പി.37 പ്രകാരം വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 3457909 വരവ് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2016-17 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം 2336301 രൂപ മാത്രമാണ് കുടിശ്ശികയായി കിട്ടാനുള്ളത് എന്ന് കാണുന്നത്.
8. Public Comfort Station വരവ് പ്രത്യേകം ഹെഡിൽ ബുക്ക് ചെയ്യുന്നില്ല.

9. Bus stand fee – എ.എഫ്.എസ് പ്രകാരമുള്ള ഡിമാന്റ് (362000) ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

10. RP 40(b) പ്രകാരമുള്ള മുഴുവൻ അക്കൗണ്ടുകളുടെയും കാലികമാക്കിയ (31.03.2018) പാസ് ബുക്ക്/ ബാങ്ക് സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക്, റീകൺസിലിയേഷൻ പത്രിക എന്ന ക്രമത്തിൽ നഗരസഭ സൂക്ഷിച്ചിട്ടില്ല.

11. കനറാ ബാങ്ക് അക്കൗണ്ട് (757201001145) വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് 17982940 രൂപയാണ്. എന്നാൽ പാസ്സ് ബുക്ക് പ്രകാരം 19813991 രൂപയാണ്. റീകൺസിലിയേഷൻ നടത്തി വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

12. വസ്തു നികുതി ഓൺലൈൻ അക്കൗണ്ട്, SBI 679002911 അക്കൗണ്ട് കറന്റ് അക്കൗണ്ടായിട്ടാണ് നിലനിർത്തുന്നത്.

13. SBI 67143974519 എസ്ക്രൂ അക്കൗണ്ട് കറന്റ് അക്കൗണ്ടായിട്ടാണ് നിലനിർത്തുന്നത്. ഈ അക്കൗണ്ടിൽ 2017-18 വർഷം പലിശ ഇനത്തിൽ തുകയൊന്നും വരവ് വന്നിട്ടില്ല. 2016-17 വർഷിക കണക്ക് പ്രകാരവും ഈ അക്കൗണ്ടിലെ നിക്കിയിരിപ്പ് തുക 80392 രൂപയാണ്. മാത്രമല്ല, 09.03.2017 ന് ശേഷം ഈ അക്കൗണ്ട് അപ്ഡേറ്റ് ചെയ്തിട്ടില്ല.

14. പഞ്ചാബ് നാഷണൽ ബാങ്കിന്റെ 103026699 ൽ അവസാനിക്കുന്ന അക്കൗണ്ട് 13.11.2017 ന് ശേഷം അപ്ഡേറ്റ് ചെയ്തിട്ടില്ല. വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് 6315078 രൂപയാണ്. എന്നാൽ, പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് തുക 6309599 രൂപയാണ്. റീകൺസിലിയേഷൻ നടത്തി വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

15. SSA അക്കൗണ്ട് 67012456452 SBI 25.09.2017 ന് ശേഷം അപ്ഡേറ്റ് ചെയ്തിട്ടില്ല.

16. കനറ ബാങ്കിലെ 757201001146 അക്കൗണ്ട് 14.12.2017 ന് ശേഷം അപ്ഡേറ്റ് ചെയ്തിട്ടില്ല. വാർഷിക കണക്ക് പ്രകാരം 88446 രൂപ നീക്കിയിരിപ്പുണ്ട്. വർഷാവസാനത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. റീകൺസിലിയേഷൻ നടത്തി വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

17. UIDSSMT 2 അക്കൗണ്ട് പ്രകാരം 207149 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ 31.01.2018 ന് ശേഷം പാസ്സ് ബുക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല. വർഷാവസാനത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. റീകൺസിലിയേഷൻ നടത്തി വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

18. SBI Contributory പെൻഷൻ അക്കൗണ്ട് 67313481444 അക്കൗണ്ടിൽ വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് 33261 രൂപയാണ്. എന്നാൽ പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കീയിരിപ്പ് 32283 രൂപയാണ്. റീകൺസിലിയേഷൻ നടത്തി വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

19. സൗത്ത് ഇന്ത്യൻ ബാങ്ക് ഷാസു അക്കൗണ്ട് 27.02.2017 ന് ശേഷം അപേഡേറ്റ് ചെയ്തിട്ടില്ല.

20. താഴെ രേഖപ്പെടുത്തിയ അക്കൗണ്ടുകൾ ഇടപാട് നടത്തുന്നവയല്ല എന്ന് കാണുന്നു. അനിവാര്യമല്ലാത്ത അക്കൗണ്ടുകൾ കൗൺസിൽ തീരുമാനം എടുത്ത് ക്ളോസ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| | അക്കൗണ്ട് | 31.03.2018 ലെ നീക്കിയിരിപ്പ് |
|---|---|---|
| 1 | MDC -ഓൺ ഫണ്ട് | 140210 |
| 2 | TSB 5 | 385 |
| 3 | SBI Escro | 80392 |
| 4 | Syndicate bank-sensus | 51232 |
| 5 | SIB Shasu | 42031 |
| 6 | SCB Perintalmanna | 56 |
| | | |

| | | |
|---|---|---|
| 7 | SBI -SSA | 158333 |
| 8 | KGB -സാക്ഷരത | 2134 |

21.കേരള ഗ്രാമീൺ ബാങ്കിലെ IHSDP അക്കൗണ്ടിൽ വാർഷിക കണക്ക് പ്രകാരം 1780771 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ്/പാസ്സ് ബുക്ക് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. റീകൺസിലിയേഷൻ നടത്തിയിട്ടും ഇല്ല.

22.ആക്സിസ് ബാങ്കിലെ NULM, HUDCO, SWAPING അക്കൗണ്ടുകളുടെ പാസ്സ്ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുക വസ്തുതാപരമാണോ എന്ന് പരിശോധിക്കാനായില്ല.

23.ബാങ്ക് അക്കൗണ്ടുകളുടെ റികൺസിലിയേഷൻ പത്രികകളിൽ വസ്തുതാപരമായ പിഴവുണ്ട്. വർഷങ്ങൾക്ക് മുമ്പുള്ള പലിശ വരവ്, ചെക്ക് മുഖേനയുള്ള നികുതി വരവ്, ബാങ്ക് ചാർജസ്സ് എന്നിവ ഉൾപ്പെടുന്നതാണ് നഗരസഭയുടെ റികൺസിലിയേഷൻ പത്രിക. ഇപ്രകാരമുള്ള വരവിനങ്ങൾ യഥാസമയം ജേർണൽ എൻട്രി നടത്തി വരവായി/ചെലവായി ബുക്ക് ചെയ്യുന്നതിൽ വീഴ്ച്ച വന്നിട്ടുണ്ട് എന്ന് വ്യക്തമാവുന്നു. എല്ലാ ബാങ്ക് അക്കൗണ്ടുകളുടെ റികൺസിലിയേഷൻ പത്രിക പുനപരിശോധിക്കേണ്ടതാണ്.

24. ICICI ബാങ്കിന്റെ PMAY അക്കൗണ്ടിൽ വാർഷിക കണക്ക് പ്രകാരം വർഷാവസാനം 2327580 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക്, റീകൺസിലിയേഷൻ പത്രിക എന്നിവ തയ്യാറാക്കിയിട്ടില്ല.
25.വൗച്ചറുകൾ സാംഖ്യ ചെയ്മെൻറ് ഓർഡർ വെയ്ക്കാതെ മാന്വൽ വൗച്ചർ നമ്പർ എഴുതിയാണ് വെച്ചിട്ടുള്ളത്. ആയതിൽ ജനവരി 2018 മുതൽ മാർച്ച് വരെയുള്ള വൗച്ചറുകൾ ടാഗ് ചെയ്യാതെയും കൃത്യമായി നമ്പറിങ് നടത്താതെയും കെട്ടിവച്ച് സമർപ്പിച്ചിട്ടുള്ളതിനാൽ ചെലവിൻറ കൃത്യത ക്യാഷ് ബുക്കുമായി ഒത്തുനോക്കി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## <u>ഭാഗം -2</u>

## <u>വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ ഉപയോഗ തരം ശ്രദ്ധിക്കപ്പെടുന്നില്ല.

ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം വാണിജ്യ പ്രവർത്തനങ്ങൾക്കായി ലൈസൻസ് അനുവദിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പാർപ്പിടാവശ്യത്തിനായാണ് നമ്പർ നൽകി നികുതി നിർണ്ണയിച്ചതായി കാണുന്നത്. മേൽ പ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ വസ്തു നികുതിയിനത്തിൽ നഗരസഭക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്ര.നം | വാർഡ് നമ്പർ/ കെട്ടിട നം | ഉപയോഗം /കടയുടെ പേര് | വിസ്തീർണ്ണം | നികുതി നിർണ്ണയത്തിൽ കെട്ടിടത്തിന്റെ തരം |
|---|---|---|---|---|
| 1 | II/23/2A | സ്റ്റേഷനറി | 25.34ച മീ | പാർപ്പിടാവശ്യം |
| 2 | VIII/129/2 | ചിക്കൻ സ്റ്റാൾ | 109.95ച മീ | |
| 3 | VIII/134 | ടീ ഷോപ്പ് | 30 ച മീ | |
| 4 | IX/125/4 | പലചരക്ക് | 140 ച മീ | |
| 5 | X /108 | Saw mill | Not entered | |

<u>വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ലഭ്യമല്ല</u>

ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം വാണിജ്യ പ്രവർത്തനങ്ങൾക്കായി ലൈസൻസ് അനുവദിച്ചിരിക്കുന്ന ചില കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുകയോ നികുതി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്ര.നം | വാർഡ് നമ്പർ/ കെട്ടിട നം | ഉപയോഗം /കടയുടെ പേര് |
|---|---|---|
| 1 | I/166B | ഹോളോബ്രിക്സ് നിർമ്മാണം |
| 2 | I/136/17 | ടെയ്‌ലറിംഗ് |
| 3 | II/154/3 | ടീ ഷോപ്പ് |
| 4 | II/237/6 | കാർ വില്പന(Used) |
| 5 | VIII/7/1 | ഇന്റർലോക്ക് നിർമ്മാണം |
| 6 | VIII/551 | Rice mill |
| 7 | VIII/625/1,2 | Hardware |
| 8 | IX/67/5 | Chicken farm |
| 9 | X/65/3 | Cement bricks production |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/ 19.11.2018) നികുതി പരിഷ്കരണത്തിന്റെ ഡാറ്റാ എൻട്രി സംബന്ധിച്ച പിഴവുകൾ പരിഹരിക്കുന്ന പ്രവൃത്തി നഗരസഭയിൽ പുരോഗമിച്ച് വരികയാണെന്നും ആയത് സംബന്ധിച്ച് സഞ്ചയ ഓൺലൈൻ സംവിധാനത്തിന്റെ അവസാനഘട്ട നടപടിയായ Purification പ്രവർത്തി പൂർത്തിയാക്കാത്ത കെട്ടിടങ്ങളാണ് മേൽ പറഞ്ഞിരിക്കുന്നത് എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. കൂടാതെ പട്ടിക 1 പ്രകാരമുള്ള കെട്ടിടങ്ങൾ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കായുള്ളവയാണ് എന്നും കെട്ടിടങ്ങളുടെ അടിസ്ഥാന വിവരങ്ങൾ പരിശോധനക്കായി നിയമിച്ച ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിലാണ് സഞ്ചയയിൽ രേഖപ്പെടുത്തുന്നതെന്നും കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുന്ന പ്രവർത്തി പൂർത്തീകരിക്കാത്തതിനാലാണ് പട്ടിക II പ്രകാരമുള്ള കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടാത്തത് എന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടം പാർപ്പിടാവശ്യത്തിന് എന്ന് റിപ്പോർട്ട് ചെയ്തതെന്തിനാണെന്നു വ്യക്തമല്ല. സഞ്ചയയിൽ രേഖപ്പെടുത്തിയ കെട്ടിടങ്ങളുടെ തരം മേൽ പരിശോധനക്കു വിധേയമാക്കേണ്ടതാണെന്ന് ഇതിൽ നിന്നും വ്യക്തമാണ്. സഞ്ചയയിൽ കെട്ടിടങ്ങളുടെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ കൃത്യമായ പരിശോധനക്കു വിധേയമാക്കേണ്ടതാണ്.

## 2-2 കുത്തക ലേലം - തുക ഈടാക്കാത്തത് സംബന്ധിച്ച്

2017-18 വർഷത്തെ പരസ്യ നികുതി കുത്തക ലേലം 28.02.2017 ലെ ലേലത്തിൽ 4,77,000/- രൂപക്ക് ശ്രീ മുഹമ്മദലി താമരത്ത് എന്നവർ ലേലം കൊള്ളുകയും ആയത് 07.03.2017 ലെ 9-ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകരിക്കുകയും ചെയ്തതാണ്. ലേല കാലാവധി 01.04.2017 മുതൽ 31.03.2018 വരെയാണ്. പൊതു ലേല നിബന്ധന 3 പ്രകാരം ലേലം കൊണ്ട വ്യക്തി ലേല തുകയുടെ 1/3 ലേലം ഉറപ്പിക്കുന്ന അന്നു തന്നെ അടക്കേണ്ടതും ബാക്കി തുക രണ്ടു ഗഡുക്കളായി 2017 ജൂൺ30, സെപ്റ്റംബർ 30 എന്നീ തിയ്യതികളിൽ അടവാക്കേണ്ടതും ലേലം സ്ഥിരപ്പെടുത്തി 15 ദിവസത്തിനുള്ളിൽ 200 രൂപയുടെ മുദ്രപ്പത്രത്തിൽ കരാർ ഉടമ്പടി

വെക്കേണ്ടതുമാണ്. കൂടാതെ സെക്യൂരിറ്റി ഡെപ്പോസിറ്റ് 100000/- രൂപ അടവാക്കുകയോ ബാങ്ക് ഗ്യാരണ്ടി ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. ലേല തുക അടവാക്കുന്നതിൽ വീഴ്ച വരുത്തിയാൽ ഒരു മാസത്തേക്ക് 1% നിരക്കിൽ പിഴ പലിശ അടവാക്കേണ്ടതുമാണ്. ലേലം സ്ഥിരപ്പെടുത്തികൊണ്ടുള്ള സെലക്ഷൻ നോട്ടീസ് (24.03.2017ലെ ആർ 4-1596/2017) ടിയാൻ 26.04.2017 നാണ് കൈപ്പറ്റിയിട്ടുള്ളത്. ലേല തുകയുടെ 1/3 തുകയായ 159000/- രൂപയും നികുതി (3180 IT, 23850 ST)കളും അടക്കം 24.05.2017 നാണ് അടവാക്കുന്നത്. (രശീതി നമ്പർ 117010102207 (96030) + 117010500142 /24.05.2017 (80000)+). നിരതദ്രവ്യം 10,000. കരാർ വെച്ചതിന്റെ വിവരം, സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ വിവരം എന്നിവ ഫയലിൽ ലഭ്യമല്ല. കുത്തക ലേല തുകയുടെ 2, 3 ഗഡുക്കൾ കൃത്യസമയത്ത് അടവാക്കാത്തതിനാൽ, തുക അടവാക്കുന്നതിന് 03.01.2018 ന് അറിയിപ്പ് നൽകിയെങ്കിലും, പരസ്യ നികുതി നൽകാത്ത 12 കച്ചവടക്കാർക്ക് കത്തു നൽകണമെന്നാണ് ടിയാൻ മറുപടി നൽകിയത്. ആയതിന് 08.01.2018 ന് നഗരസഭയിൽ നിന്ന് കത്തു നൽകിയിട്ടുണ്ട്. 03.04.2018 ലെ കൗൺസിൽ തീരുമാനം 9 പ്രകാരം കുത്തക തുകയുടെ 2, 3 ഗഡുക്കൾ പലിശ സഹിതം ടിയാനിൽ നിന്ന് ഈടാക്കുന്നതിന് കത്തു നൽകുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പരസ്യം നടത്തുന്നതിന് ഈടാക്കുന്ന പരസ്യ നികുതി GST നിലവിൽ വന്നപ്പോൾ ഒഴിവാക്കേണ്ട നികുതികളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നതിന് സർക്കാരിൽ നിന്നും സ്പഷ്ടീകരണം തേടുന്നതിനും തീരുമാനിച്ചു. ആയതിൻ പ്രകാരം 23.04.2018 ന് ടിയാന് അറിയിപ്പ് നൽകുകയും സർക്കാരിലേക്ക് കത്ത് നൽകുകയും ചെയ്തു. 2017 ജൂലൈ മുതൽ പരസ്യ നികുതി പിരിഞ്ഞു കിട്ടിയിട്ടില്ലാത്തതിനാൽ ആദ്യ ഗഡുവായി അടവാക്കിയ തുകയിൽ നിന്നും 2017 ജൂൺ വരെയുള്ള തുക കണക്കാക്കി ബാക്കി തിരികെ നൽകുന്നതിന് 30.08.2018 ന നടന്ന കൂടിക്കാഴ്ചയിൽ ടിയാൻ അപേക്ഷിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സ്പഷ്ടീകരണം ലഭിക്കുന്നതിനായി 14.09.2018 ന് സർക്കാരിലേക്ക് കത്തു നൽകിയിട്ടുണ്ട്.

കുത്തക ലേലം കൊണ്ടപ്പോൾ വച്ച കരാർ, അടവാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ വിവരം, സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/24.11.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാരിൽ നിന്നും ലഭ്യമാക്കിയ സ്പഷ്ടീകരണത്തിന്റെയടിസ്ഥാനത്തിൽ സ്വീകരിച്ച് തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി - അപാകതകൾ

2017-18 വർഷത്തെ തൊഴിൽ നികുതി വരവിനം പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(i) രജിസ്റ്ററുകൾ പൂർണ്ണമല്ല

മുനിസിപ്പാലിറ്റിയുടെ 2017-18 വാർഷിക കണക്ക് പ്രകാരം തൊഴിൽ നികുതിയിനത്തിൽ താഴെ പറയും പ്രകാരം വരവുണ്ടായിട്ടുണ്ട്.

| ഇനം(തൻവർഷം) | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|
| തൊഴിൽ നികുതി (professionals/ institutions/traders) | 12754522 | 2942339 | 9812183 |
| തൊഴിൽ നികുതി (Employees) | 9484797 | 9335197 | ബാലൻസ് ഷീറ്റ് പ്രകാരം ബാലൻസ് രേഖപ്പെടുത്തിയിട്ടില്ല |

കൂടാതെ തൊഴിൽ നികുതി (professionals/institutions/traders) ഇനത്തിൽ മുൻവർഷത്തെ കുടിശ്ശികയിനത്തിൽ 188070/- രൂപ പിരിച്ചെടുത്തതായും 7683362/- രൂപ പിരിച്ചെടുക്കാനുള്ളതായും കാണിച്ചിട്ടുണ്ട്.

മുനിസിപ്പാലിറ്റിയുടെ മുഖ്യ വരുമാനങ്ങളിൽ ഒന്നായ തൊഴിൽ നികുതിയുടെ ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ നാളിതുവരെയായി എഴുതി പൂർത്തീകരിച്ചിട്ടില്ല. മുനിസിപ്പാലിറ്റിയിൽ തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിവരം കാണിക്കുന്ന സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ആയതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയോ എന്നതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. തൊഴിൽ നികുതിയുടെ ഡിമാന്റ് കണക്കാക്കിയതെങ്ങനെയാണെന്ന വ്യക്തമല്ല. ലഭ്യമാക്കിയ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ഓരോ സ്ഥാപനത്തിൽ നിന്നും ലഭ്യമായ റിട്ടേണുകളിലെ മൊത്തം തുക മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ജീവനക്കാരുടെ ഓരോരുത്തരുടേയും അർദ്ധവാർഷിക വരുമാനം ചേർത്തിട്ടില്ല.

2. ഒരേ സ്ഥാപനം തന്നെ രണ്ടു തവണയായി ചേർത്തിരിക്കുന്നു. ഉദാ:- സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് .

3. ലഭ്യമായ മുഴുവൻ റിട്ടേണുകളുടെയും വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

(ii)റിട്ടേണുകളിൽ പിരിഞ്ഞു പോയ / സ്ഥലം മാറിപ്പോയ ജീവനക്കാരുടെ വിവരം ചേർക്കുന്നില്ല. ഒന്നാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി അടവാക്കിയ ജീവനക്കാർ രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി അടവാക്കുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

<table>
<tr><th>സ്ഥാപനം</th><th>ജീവനക്കാരന്റെ പേര്</th><th>തസ്തിക</th><th>ഒന്നാം അർദ്ധ വർഷത്തിൽ അടവാക്കിയ തൊഴിൽ നികുതി</th></tr>
<tr><td rowspan="3">ISS Arts and Science college</td><td>നിയാസലി പി ടി</td><td>അസി.പ്രൊഫസ്സർ</td><td>450</td></tr>
<tr><td>നസ്റീന പി എ</td><td>ക്ലർക്ക്</td><td>450</td></tr>
<tr><td>മുഹമ്മദ് ഷബീർ കെ</td><td>അസി.പ്രൊഫസ്സർ</td><td>300</td></tr>
<tr><td>ISS College of teacher Education</td><td>ബബിത</td><td>അസി.പ്രൊഫസ്സർ</td><td>750</td></tr>
<tr><td rowspan="3">സേക്രഡ് ഹാർട്ട് CMI പബ്ലിക് സ്കൂൾ</td><td>ശാലിനി</td><td rowspan="3">ടീച്ചർ</td><td>750</td></tr>
<tr><td>സച്ചിൻ ജോർജ്</td><td>1000</td></tr>
<tr><td>രാഗി കൃഷ്ണ</td><td>600</td></tr>
<tr><td>CINE ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പെരിന്തൽമണ്ണ</td><td>രാജു സുകുമാർ പി</td><td>ഓഫീസ് സ്റ്റാഫ്</td><td>300</td></tr>
<tr><td rowspan="2">വാൾട്ട്സ് ഹോസ്പിറ്റൽ പ്രൈ. ലി</td><td>ഡോ. ബിനോയ് കുര്യൻ ജോർജ്ജ്</td><td>ശിശുരോഗ വിദഗ്ദൻ</td><td>1250</td></tr>
<tr><td>ഡോ. രേഷ്മ കൃഷ്ണൻ</td><td>RMO</td><td>1250</td></tr>
</table>

ജീവനക്കാർ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കാത്തതിന് വ്യക്തമായ കാരണം റിട്ടേണിൽ ചേർത്തിട്ടില്ല.

(iii)താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി രജിസ്റ്ററിൽ ചേർത്തിട്ടില്ല. റിട്ടേണുകളും ലഭ്യമാക്കിയില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മഹാരാജിക ഗോൾഡ് സൂപ്പർ മാർക്കറ്റ് | II |
| 2 | PWD റോഡ്സ് സെക്ഷൻ | Ist half ൽ അസി. എഞ്ചിനീയർ മാത്രം അടവാക്കിയതായി കാണുന്നു. II nd അർദ്ധവർഷത്തിൽ അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. |
| 3 | ഫിനോമിനൽ ഹെൽത്ത് കെയർ | II |
| 4 | ധനലക്ഷ്മി ബാങ്ക് | II |
| 5 | കോ-ഓപ്പ. ആർട്സ് ആന്റ് സയൻസ് കോളേജ് | II |
| 6 | State Initiative on Disabilities | II |
| 7 | Des X-Rays ഹോസ്പിറ്റൽ | II |
| 8 | ഇന്റസ് ഇന്റ് മാർക്കറ്റിംഗ് ആന്റ് ഫിനാൻഷ്യൽ സർവ്വീസസ് | II |
| 9 | ദിക്ഷ കോ-ഓപ്പ. സർവ്വീസസ് | II |
| 10 | തിരുപുര ചിറ്റ്സ് പ്രൈ. ലി | II |
| 11 | HDFC ബാങ്ക് | II |
| 12 | AMLPS പൊന്നിയാം കുറിശ്ശി | II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം റിട്ടേൺ സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/24.11.2018) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

(iv) താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി കുറവായാണ് ഈടാക്കിയത്

| ക്രമ നം | സ്ഥാപനം | ജീവനക്കാരന്റെ പേര് | തസ്തിക | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാ ക്കേണ്ട തൊഴിൽ നികുതി | കുറവായി ഈടാക്കിയ തൊഴിൽ നികുതി |
|---|---|---|---|---|---|---|---|
| 1 | ചേതന | ബിന്ദു | ജനറൽ | 150190 | 1250 | 1000 | 250 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഫാർമസ്യൂ | | മാനേജർ | | | | |
| 2 | ട്ടിക്കൽ | പ്രസീത | ജനറൽ വർക്കർ | 75072 | 750 | 600 | 150 |

കുറവായി ഈടാക്കിയ തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

(v)നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ചാർട്ടേഡ് അക്കൗണ്ടന്റ്, അഭിഭാഷകർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

(vi) ടെണ്ടർ രജിസ്റ്റർ പ്രകാരം നഗരസഭയുടെ വിവിധ മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ നടപടികളിൽ താഴെ പറയുന്ന കരാറുകാർ പങ്കെടുത്തിട്ടുണ്ട്.

1.ശ്രീ ഇ കെ മൊയ്തു കുട്ടി

2.ശ്രീ വീരാൻകുട്ടി

3.ശ്രീ മുഹമ്മദ് മുസ്തഫ കെ

4.ശ്രീ കെ പി മുഹമ്മദ് മുസ്തഫ

5.ശ്രീ കെ പി മൂസ്സ

6. ശ്രീ പി പി മുഹമ്മദ് മുസ്തഫ

7. ശ്രീ അബ്ദുൾ മജീദ് ടി കെ

8.ശ്രീ കെ പി അബു

9. ശ്രീ എം ഹസ്കർ

10.ശ്രീ മുഹമ്മദ് റഫീഖ് ടി

11.ശ്രീ വിനോജ് വി ജെ

12. ശ്രീ ഹുസൈൻ

13.ശ്രീ അൽത്താഫ് അഹമ്മദ്

14.ശ്രീ നൗഫൽ

15.ശ്രീ ജേക്കബ് കെ എൽ

16.ശ്രീ വീരാൻ കുട്ടി

17.ശ്രീ അബ്ദുൾ റഹീം

18.ശ്രീ നവീൻ ഹർഷൽ

19.ശ്രീ എൽ അമീറലി

20.ശ്രീ അബ്ദുൾ ജബ്ബാർ

21.ശ്രീ പി പി ഷരീഫ്

22.ശ്രീ വിനോദ് വി ജെ

23.ശ്രീ സുബൈർ എ പി

മേൽ കരാറുകാരിൽനിന്നും 2017-18 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്ന ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/13-11-18) ക്രമ നമ്പർ 1 മുതൽ 10 വരെയുള്ളവരുടെ തൊഴിൽ നികുതി ഈടാക്കി രശീതി സഹിതം മറുപടി ലഭ്യമാക്കി. ക്രമ നമ്പർ 11 ശ്രീ വിനോജ്

വി ജെ ഒന്നാം അർദ്ധവാർഷിക തൊഴിൽ നികുതി മാത്രമാണ് അടവാക്കിയിട്ടുള്ളത്. ക്രമ നമ്പർ 12 മുതൽ 23 വരെയുള്ളവരുടെ നികുതി അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ടി കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നുണ്ടെങ്കിൽ പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 2-4 വസ്തുനികുതി നിർണ്ണയത്തിലെ അപാകത.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം മുനിസിപ്പാലിറ്റികളിലെ ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പട്ടികപ്പെടുത്തിയിരുന്നു. 15.03.2013 ലെ 100/2013 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലവിലുണ്ടായിരുന്ന വസ്തു നികുതി ചട്ടങ്ങൾക്ക് സർക്കാർ ഭേദഗതി വരുത്തി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 01.04.2013 മുതൽ 31.03.2018 വരെയുള്ള 5 വർഷത്തേക്ക് പെരിന്തൽമണ്ണ നഗരസഭയിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിർണ്ണയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, കടമുറികൾ, ഗോഡൗൺ എന്നിവക്ക് കണക്കാക്കേണ്ട അടിസ്ഥാന വസ്തു നികുതി ചതുരശ്രമീറ്ററിന് 70 രൂപയാണ്. 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, കടമുറികൾ, ഗോഡൗൺ എന്നിവക്ക് കണക്കാക്കേണ്ട അടിസ്ഥാന വസ്തു നികുതി ചതുരശ്രമീറ്ററിന് 90 രൂപയാണ്. എന്നാൽ നഗരസഭയിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് വ്യക്തമായ യാതൊരു കാരണവും കൂടാതെ ഒന്നിലധികം കെട്ടിട നമ്പറുകൾ അനുവദിക്കുകയും അപ്രകാരമുള്ള തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്യുന്നത്.

ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്. എന്നാൽ ഇത് വ്യക്തമായ കാരണങ്ങളാൽ പ്രത്യേകമായ നമ്പറുകൾ നൽകിയ നിലവിലുള്ള കെട്ടിടങ്ങളുടെ കാര്യമാണ് എന്ന് വ്യക്തമാണ്. വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ, പ്രത്യേകം നമ്പറിന് വേണ്ടി കെട്ടിടയുടമ അപേക്ഷിക്കുക പോലും ചെയ്യാതെ ചട്ടം നിലവിൽ വന്നതിന് ശേഷം മാത്രം നിർമ്മാണം പൂർത്തീകരിച്ച ഇത്തരം കെട്ടിടങ്ങൾക്ക് നഗരസഭ ഏകപക്ഷീയമായി നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് ചട്ടവിരുദ്ധമാണ്. ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ നഗരസഭക്ക് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്.

ഉദാഹരണം താഴെ കൊടുക്കുന്നു.

അടിസ്ഥാന നികുതി നിരക്ക് 70/-രൂപ പ്രകാരം നികുതി നിർണ്ണയിച്ചതിന്റെ വിവരം

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | അടിസ്ഥാന നികുതി | വർദ്ധന. % | നിർണ്ണയിച്ച നികുതി | ലൈബ്രറി കരം | സേവന നികുതി | ആകെ |
|---|---|---|---|---|---|---|---|
| 31/995/1 | 61.76 | 4323.2 | 35% | 5836 | 292 | 584 | 6712 |
| 31/995/2 | 22.3 | 1561 | 35% | 2107 | 105 | 211 | 2423 |
| 31/995/3 | 22.3 | 1561 | 35% | 2107 | 105 | 211 | 2423 |
| 31/995/4 | 41.64 | 2914.8 | 35% | 3135 | 197 | 314 | 3646 |
| 31/995/6 | 78.96 | 5527.2 | 35% | 7461 | 373 | 747 | 8581 |
| 31/995/7 | 23.7 | 1659 | 35% | 2240 | 112 | 224 | 2576 |
| 31/995/8 | 42.03 | 2942.1 | 35% | 3972 | 199 | 397 | 4568 |
| | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 31/995/9 | 42.63 | 2984.1 | 35% | 4028 | 201 | 403 | 4632 |
| 31/995/10 | 21.22 | 1485.4 | 20% | 1783 | 89 | 178 | 2050 |
| 31/995/10A | 42.44 | 2970.8 | 20% | 3565 | 178 | 357 | 4100 |
| 31/995/11 | 68.49 | 4794.3 | 35% | 6472 | 324 | 647 | 7443 |
| 31/995/12 | 90.87 | 6360.9 | 35% | 8587 | 429 | 859 | 9875 |
| 31/995/14 | 88.4 | 6188 | 35% | 8354 | 418 | 836 | 9608 |
| 31/995/15 | 70.11 | 4907.7 | 35% | 6626 | 331 | 663 | 7620 |
| 31/995/17 | 74.33 | 5203.1 | 20% | 6244 | 331 | 624 | 7199 |
| 31/995/18 | 98.66 | 6906.2 | 20% | 8287 | 414 | 829 | 9530 |
| 31/995/20 | 96.18 | 6732.6 | 20% | 8080 | 404 | 808 | 9292 |
| 31/995/21 | 50.63 | 3544.1 | 20% | 4253 | 213 | 425 | 4891 |
| 31/995/22 | 25.30 | 1771 | 20% | 2125 | 106 | 213 | 2444 |
| | | | | 95262 | 4821 | 9530 | 109613 |

ബാധകമായ അടിസ്ഥാന നികുതി നിരക്ക് 90/-രൂപ പ്രകാരം നിർണ്ണയിക്കേണ്ട നികുതി വിവരം.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | അടിസ്ഥാന നികുതി | വർദ്ധന. % | നിർണ്ണയിച്ച നികുതി | ലൈബ്രറി കരം | സേവന നികുതി | ആകെ |
|---|---|---|---|---|---|---|---|
| 31/995/1 | 61.76 | 5558.4 | 35% | 7504 | 375 | 750 | 8629 |
| 31/995/2 | 22.3 | 2007 | 35% | 2710 | 136 | 271 | 3117 |
| 31/995/3 | 22.3 | 2007 | 35% | 2710 | 136 | 271 | 3117 |
| 31/995/4 | 41.64 | 3747.6 | 35% | 5060 | 253 | 506 | 5819 |
| 31/995/6 | 78.96 | 7106.4 | 35% | 9594 | 480 | 959 | 11033 |
| 31/995/7 | 23.7 | 2133 | 35% | 2880 | 144 | 288 | 3312 |
| 31/995/8 | 42.03 | 3782.7 | 35% | 5107 | 255 | 511 | 5873 |
| 31/995/9 | 42.63 | 3836.7 | 35% | 5180 | 259 | 518 | 5957 |
| 31/995/10 | 21.22 | 1909.8 | 35% | 2579 | 129 | 258 | 2966 |
| 31/995/10A | 42.44 | 3819.6 | 35% | 5157 | 258 | 516 | 5931 |
| 31/995/11 | 68.49 | 6164.1 | 35% | 8322 | 416 | 832 | 9570 |
| 31/995/12 | 90.87 | 8178.3 | 35% | 11041 | 552 | 1104 | 12697 |
| 31/995/14 | 88.4 | 7956 | 35% | 10741 | 537 | 1074 | 12352 |
| 31/995/15 | 70.11 | 6309.9 | 35% | 8519 | 426 | 852 | 9797 |
| 31/995/17 | 74.33 | 6689.7 | 35% | 9032 | 452 | 903 | 10387 |
| 31/995/18 | 98.66 | 8879.4 | 35% | 11988 | 599 | 1199 | 13786 |
| 31/995/20 | 96.18 | 8656.2 | 35% | 11686 | 584 | 1169 | 13439 |
| 31/995/21 | 50.63 | 4556.7 | 35% | 6152 | 308 | 615 | 7075 |
| 31/995/22 | 25.30 | 2277 | 35% | 3074 | 154 | 307 | 3535 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 129036 | 6453 | 12903 | 148392 |

ബാധകമായ അടിസ്ഥാന നികുതി നിരക്ക് 90/-രൂപ പ്രകാരം നികുതി നിർണ്ണയിക്കാത്തതിനാൽ മേൽ കാണിച്ച ഒരു കെട്ടിടത്തിൽ നിന്നു തന്നെ വസ്തു നികുതിയിൽ **33774/-**രൂപയുടെയും **(129036- 95262)** ലൈബ്രറി സെസ്സിൽ **1632/-** രൂപയുടെയും **(6453 - 4821)** സേവന നികുതിയിനത്തിൽ **3373/-** രൂപയുടേയും **(12903 -9530)** ആകെ **38779/-** രൂപയുടെയും **(148392 – 109613 )**കുറവ് വന്നിട്ടുണ്ട്.

